"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

സ.ഉ.(സാധാ) നം.3152/2022/RD തീയതി,തിരുവനന്തപുരം, 25-07-2022

പരാമർശം:- 1. 22.10.2021 തീയതിയിലെ സ.ഉ(കൈ).നം.203/2021/റ.വ

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 10.06.2 2 ലെ എൽ-ആർ/4401/2021- എൽ ആർ (എച്ച്1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ( DBT) ആയി ആദ്യസമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് ( 36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം ( 1 ) പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം കോഴിക്കോട് ജില്ലയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചു.

| ക്രമ നം | ജില്ല | എണ്ണം | തുക |
|---|---|---|---|
| 1 | കോഴിക്കോട് | 932 | 46,60,000 |

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു . കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ ക്ക് 46,60,000/- രൂപ ( **നാൽപ്പത്തിയാറ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചു ഉത്തരവാകുന്നു

3. വിതരണത്തിന് ആവശ്യമായി വരുന്ന 46,60,000/- രൂപ ( **നാൽപ്പത്തിയാറ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് മേൽ പ്രതിപാദിച്ച പ്രകാരം അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടിസെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ , തിരുവനന്തപുരം

സ.ഉ.(സാധാ) നം.3152/2022/RD

ജില്ലാ കളക്ടർ , കോഴിക്കോട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ ( ഡി. ആർ.എഫ്- ബി,സി) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 25-07-2022 12:27:37

സെക്ഷൻ ഓഫീസർ